**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4089** **17-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്ര തുക വകയിരുത്തിയിരുന്നുവെന്നും ഇതിൽ എത്ര ഗഡുക്കളായി എത്ര തുക ഏതെല്ലാം ഇനത്തിൽ അനുവദിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) [പട്ടിക താഴെ] പൊതു ആവശ്യ ഫണ്ടിൽ 12 ഗഡുക്കളിൽ 11 ഗഡുക്കളും സംരക്ഷണ ഫണ്ടും വികസന ഫണ്ടും മൂന്നു ഗഡുക്കളിൽ മുഴുവനായും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ ആരോഗ്യ മേഖല ഗ്രാന്റും ULB ഗ്രാന്റും ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ബി) | സാമ്പത്തിക വർഷാവസാനത്തിൽ തുക അനുവദിക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ 12 ഗഡുക്കളിൽ 11 ഗഡുക്കളും, വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും ബജറ്റിൽ വകയിരുത്തിയ തുകയും ഇതിനോടകം തന്നെ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക വെട്ടിക്കുറയ്ക്കാതെ സമയ ബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതുവരെയും വെട്ടിക്കുറച്ചിട്ടില്ല. |

(തുക കോടിയിൽ)

| | പൊതു ആവശ്യ ഫണ്ട് | | സംരക്ഷണ ഫണ്ട് | | വികസന ഫണ്ട് | |
|---|---|---|---|---|---|---|
| | വകയിരുത്തിയ തുക | അനുവദിച്ച തുക | വകയിരുത്തിയ തുക | അനുവദിച്ച തുക | വകയിരുത്തിയ തുക | അനുവദിച്ച തുക |
| മുനിസിപ്പൽ കോർപ്പറേഷൻ | 218.10 | 199.13 | 179.23 | 179.23 | 992.22 | 669.44 |
| മുനിസിപ്പാലിറ്റി | 313.91 | 283.19 | 552.36 | 552.36 | 1487.79 | 590.81 |
| ജില്ലാ പഞ്ചായത്ത് | 84.62 | 77.57 | 390.28 | 390.28 | 1051.80 | 935.57 |
| ബ്ലോക്ക് പഞ്ചായത്ത് | 120.34 | 110.31 | 224.48 | 224.48 | 969.29 | 935.57 |
| ഗ്രാമ പഞ്ചായത്ത് | 1805.30 | 1645.76 | 2784.84 | 2784.84 | 4030.90 | 3932.01 |
| ആകെ | 2542.27 | 2316.76 | 4131.19 | 4131.19 | 8532.00 | 7063.40 |

സെക്ഷൻ ഓഫീസർ